പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 212** **12-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സചിവോത്തമപുരം സി.എച്ച്.സി.**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സചിവോത്തമപുരം സി.എച്ച്.സി.-യിൽ (മന്ദിരം ആശുപത്രി) നേരത്തെ ഉണ്ടായിരുന്ന കിടത്തിച്ചികിത്സാ വാർഡുകൾ പൊളിച്ചു മാറ്റിയതിനെത്തുടർന്ന് കഴിഞ്ഞ മൂന്ന് വർഷമായി കിടത്തിച്ചികിത്സ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത സി.എച്ച്.സി- യിലെ ഐസൊലേഷൻ വാർഡിൽ കിടത്തിച്ചികിത്സ പുനരാരംഭിച്ചിട്ടുണ്ട്.

**(ബി)** പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഇടയിലുള്ള ആശങ്കകളും, പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ നിന്ന് ആശങ്കകളോ പരാതികളോ ലഭിച്ചിട്ടില്ല.

15-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് 2023- 24 പ്രകാരം 4 കോടി രൂപയും ആർദ്രം പദ്ധതിയുടെ ഭാഗമായി 35 ലക്ഷം രൂപയും സംയോജിപ്പിച്ച് എൻ എച്ച് എം മുഖേനെ സി എച്ച് സി സച്ചിവോത്തമപുരത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 4.35 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.

**(സി)** പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനവും കാഷ്വാലിറ്റി/ ട്രോമാകെയർ സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(ഡി)** പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. കൺസൾട്ടന്റുമാരുടെ റിപ്പോർട്ടിലുള്ള വൈരുദ്ധ്യങ്ങളും സ്ഥലപരിമിതി സംബന്ധിച്ചുള്ള പരാതികളും പരിശോധിച്ച്, കിടത്തിച്ചികിത്സ സുഗമമാക്കുന്നതിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ഔദ്യോഗികമായി യാതൊരുവിധ റിപ്പോർട്ടുകളും എൻ എച്ച് എം കൺസൾട്ടൻമാരിൽ നിന്നും ലഭിച്ചിട്ടില്ല. സ്ഥലപരിമിതി മൂലമുള്ള യാതൊരുവിധ പരാതികളും ലഭിച്ചിട്ടുമില്ല. കിടത്തി ചികിത്സ നടപ്പിലാക്കുന്നതിനായി ഇപ്പോൾ പ്രവർത്തി നടക്കുന്ന പുതിയ കെട്ടിടത്തിൽ 15 ബെഡ് സംവിധാനം (8 കിടക്കകളുള്ള മെയിൽ വാർഡ്, 7 കിടക്കകളുള്ള ഫീമെയിൽ വാർഡ്) ഏർപ്പെടുത്തിയിട്ടുണ്ട്.

**(ഇ)** സചിവോത്തമപുരം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഗ്രേഡ് ഉയർത്തുന്നതിനുള്ള സാധ്യതകളും മണ്ഡലത്തിലെ പൊതുജനങ്ങളുടെ ദീർഘകാലമായുള്ള ആരോഗ്യപരമായ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങളും കണക്കുകളും ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സചിവോത്തമപുരം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല

**(എഫ്)** 15-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി മണ്ഡലത്തിലെ വിവിധ പി.എച്ച്.സി.-കൾക്ക് ഗ്രാന്റുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ നിലവിലെ പ്രവർത്തികളുടെ പുരോഗതി എന്താണെന്നും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ കാരണം കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| എഫ്.എച്ച്.സി. മാടപ്പള്ളി | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രകാരം, കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക് പുതിയ കെട്ടിട നിർമാണം | 1.43 കോടി | നിലവിലെ കെട്ടിടം പൊളിച്ച മാറ്റേണ്ടതുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |
| യു പിഎച്ച്.സി പെരുന്ന | | 1.43 കോടി | നിലവിലെ കെട്ടിടം പൊളിച്ച മാറ്റേണ്ടതുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |
| പി.എച്ച്.സി പായിപ്പാട് | | 1.43 കോടി | പ്രവൃത്തി ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച വരുന്നു. |

പ്രസ്തുത പ്രവൃത്തിക്ക് മറ്റു തടസ്സങ്ങളോ വകുപ്പുകൾ തമ്മിലുള്ള ഏകോപന കുറവോ നാളിതുവരെ നേരിട്ടിട്ടില്ല. അവ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനായി NHM അധികൃതരും, നിർവ്വഹണ ഏജൻസികളും ആശുപത്രി അധികൃതർ എന്നിവർ ഉൾപ്പെടെ യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**(ജി)** പ്രസ്തുത പ്രവൃത്തികളിലെ തടസ്സങ്ങൾ നീക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തമാക്കുന്നതിനും അവ സമയബന്ധിതമായി തീർക്കുന്നതിനും വകുപ്പിന്റെ ഭാഗത്തു നിന്ന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം ലഭ്യമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**